## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 814 — 01.03.2017-ൽ മറുപടിക്ക്

# അട്ടപ്പാടി മേഖലയിലെ ജലക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അട്ടപ്പാടി മേഖലയിൽ ജലക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ ആദിവാസി കുടുംബങ്ങൾ വാസസ്ഥലം ഉപേക്ഷിച്ച് പോകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ; | എ) | അട്ടപ്പാടിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായതിന്റെ പേരിൽ ജനങ്ങൾ സ്വന്തം സ്ഥലം വിട്ടുപോയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| ബി) | എങ്കിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാനും എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളമെത്തിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | ഗ്രാമപഞ്ചായത്ത് കുടിവെള്ളക്ഷാമം ഉള്ളതായി കണ്ടെത്തിയ സ്ഥലങ്ങളിൽ റവന്യൂ വകുപ്പ് മുഖേന ജലം എത്തിച്ച് വരുന്നു |
| സി) | അട്ടപ്പാടി പ്രദേശത്തെ ആദിവാസികൾക്ക് അവരുടെ പരമ്പരാഗത കുടിവെള്ള ശേഖരണ സ്രോതസ്സുകളിൽ ജലലഭ്യത നിലനിർത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ? | സി) | വനം വകുപ്പ്, റവന്യൂ വകുപ്പ്, ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച് കുടിവെള്ള സ്രോതസ്സുകളിൽ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ